പാലം പണി.

* 16. [18] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഒന്നാം പഞ്ചവത്സരപദ്ധതിക്കാലത്തു് തിരുവനന്തപുരം ഡിസ്ട്രിക്റ്റിൽ എത്ര പാലങ്ങൾ പണിയും; പൂവാർ പാലം ഇതിൽ ഉൾപ്പെട്ടുമോ ; ഇല്ലെങ്കിൽ അതുൾപ്പെടാതിരിക്കാൻ കാരണമെന്തു് ; തെക്കൻ തിരുവിതാംകൂറിലെ തീരപ്രദേശഗതാഗതവികസനത്തിനു് ഈ പാലം പണി ഏറ്റവും അത്യാവശ്യമാണെന്ന വസ്തുത ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) : ഒരു പാലം. പൂവാർ പാലം ഉൾപ്പെട്ടുന്നില്ല. മറ്റു പാലങ്ങളും അത്യാവശ്യമായിട്ടുള്ളവ ഉൾപ്പെട്ടിയിട്ടുണ്ടു്.

ശ്രീ. ഡി. വിവേകാനന്ദൻ : സർ, ചോദ്യം തെറ്റിപ്പോയതാണു്. പൂവാർ പാലം പണി രണ്ടാം പഞ്ചവത്സരപദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ടോ എന്നാണു് ശരിയായ ചോദ്യം.

ശ്രീ. കെ. ഐ. വേലായുധൻ : അതിനു നോട്ടീസ്സു വേണം.

പേ കമ്മീഷൻ റിപ്പോർട്ടു്.

* 17. [19] ശ്രീ. എൻ. ജി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേകമ്മീഷൻ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു പാസ്സാക്കിയ ഉത്തരവിൽ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു് സർവ്വീസിലെ ഏതെല്ലാം വിഭാഗക്കാരിൽനിന്നും നിവേദനം കിട്ടിയിട്ടുണ്ടു് ;

(ബി) ഗവണ്മെൻറു് പ്രൈമറി ആൻറു് മിഡിൽസ്കൂൾ അദ്ധ്യാപകർക്കു് Rs 40–100 കേന്ദ്രഗവണ്മെൻറിൽനിന്നും സാമ്പത്തികസഹായം ലഭിക്കുമ്പോൾ കൊടുക്കാമെന്നു് പ്രഖ്യാപിച്ചതു് അനുസരിച്ചു് കേന്ദ്രഗവണ്മെൻറിൽനിന്നും സഹായധനം ലഭിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : (എ) പേ കമ്മീഷൻ റിപ്പോർട്ടിന്മേൽ ഗവണ്മെൻറു് പാസാക്കിയ ഉത്തരവിൽ അസംതൃപ്തി പ്രകടിപ്പിച്ചുകൊണ്ടു് പലരും നിവേദനം അയച്ചിട്ടുണ്ടു്.

(ബി) ഗവണ്മെൻറു് പ്രൈമറിയും മിഡിലും സ്കൂൾ അദ്ധ്യാപകന്മാർക്കു് 40–100 രൂപ, സെൻട്രൽ ഗവണ്മെൻറിൽനിന്നും സാമ്പത്തിക സഹായം ലഭിക്കുമ്പോൾ കൊടുക്കാമെന്നു് പ്രഖ്യാപിച്ചതായി ഓർമ്മിക്കുന്നില്ല.

ശ്രീ. എൻ. ജി. ചാക്കോ : ഏതെല്ലാം വിഭാഗക്കാരിൽനിന്നുമാണു് പരാതി ലഭിച്ചിട്ടുള്ളതു് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : കിട്ടിയ ശമ്പളം പോരാ എന്നു് പരാതി പറയാത്തവർ ആരും ഇല്ല.

ശ്രീ. കുട്ടപ്പൻ കോയിക്കൽ : മിഡിലും പ്രൈമറിയും സ്കൂളുകളിലെ അദ്ധ്യാപകന്മാർക്കു് ശമ്പളം കൂട്ടിക്കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എല്ലാ അദ്ധ്യാപകന്മാർക്കും കൊടുക്കാൻ ഓർഡർ അയച്ചിട്ടുണ്ട്.

ശ്രീ. പ്രാക്കുളം ഭാസി : ചില ഡിപ്പാർട്ടുമെൻറുകളിലെ എൻ. ജി. ഒ. മാരെ സംബന്ധിച്ചിടത്തോളം പേ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് വ്യത്യാസം വരുത്തിയിട്ടില്ലേ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സാമാന്യമായി പറയുകയാണെങ്കിൽ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽ ചില വ്യത്യാസം വരുത്തിയിട്ടുണ്ട്. പേ കമ്മീഷൻ റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. എന്തെല്ലാം വ്യത്യാസങ്ങളാണ് വരുത്തിയിട്ടുള്ളതെന്ന് അതിൽനിന്നും കാണുവാൻ കഴിയും.

ശ്രീ. പ്രാക്കുളം ഭാസി : അതുകൊണ്ടാണ് എന്തെല്ലാം വ്യത്യാസം വരുത്തിയിട്ടുണ്ടെന്ന് ചോദിച്ചത്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഒരു കാര്യത്തെപ്പറ്റി തീരുമാനമെടുക്കാനുള്ള ഒരു അധികാരസമിതി, അതിനെപ്പറ്റി ചിന്തിക്കണം. ചിന്തിച്ച് തീരുമാനിക്കണം. ആ തീരുമാനം അനുസരിച്ച് ഓർഡർ അയയ്ക്കണം. അതനുസരിച്ച് ചെയ്യുന്നതാണ്.

ശ്രീ. ടി. കെ. ദിവാകരൻ : മിഡിൽ സ്കൂൾ അദ്ധ്യാപകന്മാർക്ക് 40-100 രൂപ കൊടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെല്ലാം പേ കമ്മീഷൻ റിപ്പോർട്ടിൽനിന്നും അറിയാം.

ശ്രീ. ടി. കെ. ദിവാകരൻ : അവർക്ക് 40-100 രൂപ കൊടുക്കാൻ ശുപാർശ ചെയ്തിട്ടുള്ളത് 80 രൂപയാക്കി കുറയ്ക്കാൻ കാരണം എന്താണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ കുറച്ചിട്ടില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : പോലീസ് കാൻസ്റ്റബിൾമാരും, സെൻട്രൽ ജയിലിലെ വാർഡറന്മാരും തുല്യശമ്പളത്തിലിരിക്കെ, പോലീസുകാർക്കുമാത്രം ശമ്പളം കൂട്ടുകയും വാർഡറന്മാർക്ക് കൂട്ടാതിരിക്കുകയും ചെയ്തത് എന്തുകൊണ്ടാണ് ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങിനെ ചെയ്തിട്ടുള്ളതായി എനിക്ക് അറിഞ്ഞുകൂടാ. അങ്ങിനെയുണ്ടെങ്കിൽ കൂട്ടിയിട്ടുള്ളവർക്കു കൂട്ടാനും കൂട്ടിയിട്ടില്ലാത്തവർക്ക് കുറയ്ക്കാനും ആയിരിക്കും.

രണ്ടാം പഞ്ചവത്സരപദ്ധതി.

* 18. [20] ശ്രീ. എൻ. ജി. ചാക്കോ . താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാമത്തെ പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തെ ആവശ്യത്തിനു പ്ലാനിംഗ് കമ്മീഷൻ നീക്കിവച്ചിട്ടുള്ള തുക പോരെന്നും, അതു കൂട്ടിത്തരണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്ത് ഐകകണ്ഠ്യേന നിയമസഭ പാസ്സാക്കിയ പ്രമേയം കേന്ദ്രഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതേപ്പറ്റി എന്തു നടപടി എടുത്തിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly